# ബഥനി നാദം

BETHANY ASRAM, RANNI - PERUNADU, PATHANAMTHITTA. PH: 04735 240 223

VOLUME II AUGUST 2016


**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ദൈവകൃപയാൽ ഭദ്രാസനാധിപനും ബഥനി ആശ്രമ വിസിറ്റർ ബിഷപ്പുമായ കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്തായിൽ നിന്നും**

98 വർഷം തികഞ്ഞ മലങ്കരയുടെ പ്രഥമ സന്യാസ പ്രസ്ഥാനമായ ബഥനി ആശ്രമം അതിന്റെ സ്ഥാപക പിതാവായ അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ 52-ാമത് ഓർമ്മ കഴിക്കുകയാണ്. തികഞ്ഞ മനുഷ്യസ്നേഹിയായ സ്മര്യപുരുഷന്റെ മാതൃക എനിക്ക് എന്നും പ്രജോദനമാണ് ബഥനി ആശ്രമത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന അഭി. അത്താനാസിയോസ് തിരുമേനിയോടും, അഭി. പക്കോമിയോസ് തിരുമേനിയോടും, മറ്റ് വൈദിക ശ്രേഷ്ഠരോടും ഒപ്പം സഭാശുശ്രൂഷകളിൽ പങ്കാളി ആകുവാൻ ബലഹീനനായ നമുക്കും അവസരം ലഭിച്ചിട്ടുണ്ട്.

"മലങ്കരയുടെ ധർമ്മയോഗി" അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയെ കുറിച്ചുള്ള ഓർമ്മകൾ പുതിയ തലമുറയിലേക്ക് എത്തിക്കുവാനുള്ള എളിയ സംരഭങ്ങൾക്ക് ആശ്രമ വിസിറ്റർ ബിഷപ്പ് എന്ന നിലയിൽ എല്ലാ ആശംസകളും നേരുന്നു.

**കുറിയാക്കോസ് മാർ ക്ലീമിസ്**
മെത്രാപ്പോലീത്ത





**BETHANY ASRAM**
**(Order of Imitation of Chirst)**
**Malankara Orthodox Church**

Ranni-Perunad, Pathanamthitta
Kerala 689711




**Fr. Mathai O.I.C**
(Superior)

01/08/2016

സഭയുടെ ആദ്ധ്യാത്മീക നവോത്ഥാനം സാധ്യമാക്കിത്തീർക്കുക എന്ന ഉദ്ദേശത്തോടെ തുടക്കം കുറിച്ച ബഥനി ആശ്രമം അന്നത്തെ മലങ്കരമെത്രാപ്പോലീത്തായുടെ സ്നേഹലാളനയിൽ വളർന്നു. സഭാചരിത്രത്തിൽ വ്യക്തമായ മാറ്റങ്ങൾക്ക് മുഖാന്തിരമായി തീർന്നു. എന്നാൽ ശൈശവ ദശയിൽ വച്ചുതന്നെ സ്ഥാപകരിൽ ഒരാളുടെ മനം മാറ്റം വേദനയോടെ ഏറ്റുവാങ്ങേണ്ടി വന്നു. എന്നാൽ ദൈവകരുതൽ അഭി. തേവോദോസിയോസ് തിരുമേനിയുടെ കരങ്ങളിലൂടെ ബഥനിക്ക് പുതിയ രൂപവും മാനവും നൽകി. അത് പിന്നീട് അദ്ദേഹത്തിന്റെ പിന്മുറക്കാരുടെ കൈകളിലൂടെ കേരളത്തിനകത്തും പുറത്തും സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തുന്നതിനും സാധ്യമാക്കുന്നു.

വേദ-വൈദ്യ പാരമ്പര്യമുള്ള മട്ടയ്ക്കൽ കുടുംബത്തിലെ 21-മത്തെ വൈദികനായ ഫാ. അലക്സിയോസ് (അഭി. അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്ത) തന്റെ സാമൂഹിക പ്രതിബദ്ധത, ധീരമായ നേതൃപാടവം, ഇച്ഛാശക്തി എന്നിവയാൽ അനേകരെ സഭയിൽ ഉറപ്പിച്ചു നിർത്തുവാൻ സാധിച്ചു. ഭാരതീയവും പൗരാണികവുമായ വേദ-ദർശനങ്ങളിലും വിവിധ സഭാ പാരമ്പര്യങ്ങളിലും വ്യക്തമായ ധാരണയുണ്ടായിരുന്ന ഈ പിതാവ് ഓർത്തഡോക്സിയുടെ ഉറച്ച കാവൽഭടനായിരുന്നു. ഈ പുണ്യാത്മാവിന്റെ സേവനങ്ങൾ അംഗീകരിച്ച് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്, അദ്ദേഹത്തിന്റെ ചരമ സുവർണ്ണ ജൂബിലിയിൽ "മലങ്കരയുടെ ധർമ്മയോഗി" എന്ന ബഹുമതി നാമം നൽകി ആദരിച്ചു.

സഭയ്ക്കും സമൂഹത്തിനും ആത്മീയ വെളിച്ചം നൽകുന്നതിന് അഭി. അത്താനാസിയോസ് തിരുമേനിയും അഭി. പക്കോമിയോസ് തിരുമേനിയുടെയും മറ്റ് വൈദീക ശ്രേഷ്ഠരുടേയും പ്രവർത്തനങ്ങൾ മുഖാന്തിരമായിട്ടുണ്ട്. ബഥനിക്ക് ആത്മാവും ചൈതന്യവും നൽകാൻ വേണ്ടി കഠിനാദ്ധ്വാനം ചെയ്തിട്ടുള്ള അഭി. പിതാക്കന്മാരെയും വന്ദ്യ വൈദീക ശ്രേഷ്ഠരെയും പ്രിയ വിശ്വാസി സമൂഹത്തെയും ആദരപൂർവ്വം സ്മരിക്കുന്നു. ഇവരുടെ പ്രാർത്ഥന മദ്ധ്യസ്ഥത പുതിയ പ്രവർത്തനങ്ങൾക്ക് മാറ്റ് കൂട്ടട്ടെ.

ഈ വർഷത്തെ പെരുന്നാളിലേക്ക് ഏവരെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. പെരുന്നാൾ ക്രമീകരണങ്ങളിൽ ഭാഗഭാക്കാകുന്ന ഏവർക്കും നന്ദിയും അർപ്പിക്കുന്നു.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് കൂടുതൽ ശോഭയോടെ ശതാബ്ദിയിലേക്ക് പ്രവേശിക്കുവാൻ ഏവരുടെയും പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നു. ഓർമ്മകളിൽ നിന്നും അനുഭവങ്ങളിൽ നിന്നും ഉരിത്തിരിയുന്ന ഈ അക്ഷരക്കൂട്ടിന് നമ്മുടെ ഓർമ്മകളെയും അനുഭവങ്ങളേയും ദീപ്തമാക്കുവാൻ "ബഥനിനാദം II" എന്ന് ഈ വിശേഷാൽ പതിപ്പ് സംഗതിയാകട്ടെ.

സ്നേഹത്തോടെ,

**ഫാ. മത്തായി OIC**
സുപ്പീരിയർ

## ആശ്രമപ്രസ്ഥാനം: സംഭാവനകളും പ്രതീക്ഷകളും



ഫാ.ഡോ. കെ.എം. ജോർജ്

മലങ്കര സഭയെ ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനവുമായി ബന്ധിപ്പിക്കുന്നതിന് മുൻകൈ എടുത്ത ആദ്യ നേതാക്കളിൽ ഒരാളാണ് ഭാഗ്യസ്മരണാർഹനായ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനി. 1930 കളിൽ തന്നെ ഓക്സ്ഫഡിലെ പ്രസിദ്ധമായ കൗളിഫാദേർസ് എന്ന പ്രസിദ്ധമായ ആംഗ്ളിക്കൻ സന്ന്യാസമൂഹം സന്ദർശിക്കുകയും ബന്ധം സ്ഥാപിക്കുകയും ദീർഘകാലം തിരുമേനി നേതൃത്വം വഹിച്ച മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ വാർഷിക കോൺഫറൻസുകളിൽ സ്ഥിരമായി പണ്ഡിതരായ കൗളിസന്ന്യാസ സമൂഹാംഗങ്ങൾ പ്രസംഗിക്കാൻ വരുത്തുവാൻ സാഹചര്യം ഒരുക്കുകയ്യും ചെയ്യുമായിരുന്നു, തിരുമേനി ആരംഭിച്ച ആ ബന്ധം പിൽക്കാലത്ത് ആബോ യൂഹാനോൻ, (കാലംചെയ്ത യൂഹാനോൻ മാർ അത്താനാസ്യോസ്) ഡീക്കൻ K.G. ജോർജ്ജ് (കോട്ടയം ഇടവകയുടെ കാലം ചെയ്ത മാർ ഇവാനിയോസ്), തുടങ്ങിയവർ അവിടെ പോകുന്നതിനും അവരോടൊരുമിച്ച് താമസിച്ച് പഠിക്കുന്നതിനും കാരണമായി . 1937ൽ സ്കോട്ട്ലന്റിലെ എഡിൻബറോയിൽ വച്ച് നടന്ന ചരിത്രപ്രസിദ്ധമായ എക്യുമെനിക്കൽ സമ്മേളനത്തിൽ മലങ്കരസഭയിൽ നിന്ന് സംബന്ധിച്ചത് പരി.ബസേലിയോസ് ഗീവർഗ്ഗീസ് II കാതോലിക്കാ ബാവാ, ബഥനിയിലെ അലക്സിയോസ് റമ്പാൻ, പത്തനാപുരത്തെ C.M തോമസ് റമ്പാൻ, Dn. K.ഫീലിപ്പോസ് (ഫീലിപ്പോസ് മാർ തെയോലോസ്) എന്നിവരായിരുന്നു. അതിനു ശേഷം 10 വർഷം കഴിഞ്ഞാണ് 1948ൽ അഖില ലോകസഭാ കൗൺസിൽ (WCC) ആംസ്റ്റർഡാമിൽവച്ച് രൂപീകൃതമായത്. അഭിവന്ദ്യ തിരുമേനി മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച അതിൽ സംബന്ധിക്കുകയ്യും അതിന്റെ സ്ഥാപകകമ്മറ്റിയിൽ അംഗമാവുകയും ചെയ്തു. (അന്ത്യേഖ്യയിലെ ഓർത്തഡോക്സ് സിറിയൻസഭ പിന്നീടാണ് WCC അംഗമായത്) പൗരസ്ത്യ യൂറോപ്പിലെ ഒർത്തഡോക്സ് സഭകൾ സന്ദർശിക്കുന്നതിനും അവരുമായി സൗഹൃദബന്ധം സ്ഥാപിക്കുന്നതിനു മുൻകൈ എടുത്ത വ്യക്തിയാണ് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനി. മലങ്കര ഓർത്തഡോക്സ് സഭയുടെ സമുന്നതമായ ഭാവിയും ദിവ്യദൗത്യവും കണക്കിലെടുത്താണ് അദ്ദേഹം ഈ എക്യുമെനിക്കൽ സംരംഭങ്ങളിൽ ഏർപ്പെട്ടത്. എക്യുമെനിക്കൽ പ്രസ്ഥാനത്തിന് അദ്ദേഹം നൽകിയ സംഭാവന ഒരുവിധത്തിൽ പറഞ്ഞാൽ മലങ്കരയിലെ സന്ന്യാസ പ്രസ്ഥാനത്തിന്റെയും സംഭാവനയാണ്. കാരണം അദ്ദേഹം നല്ല സന്ന്യാസിയും സന്ന്യാസ ജീവിത ദർശനം സഭയ്ക്ക് വലിയ മുതൽ കൂട്ടാകും എന്ന് വിശ്വസിച്ചിരുന്ന ആളുമാണ്. ബഥനി ആശ്രമസ്ഥാപകരിൽ ഒരാളായ മാർ ഇവാനിയോസ് മാതൃസഭയെ ഉപേക്ഷിച്ച് റോമൻ കത്തോലിക്ക സഭയ്ക്ക് വിധേയപ്പെടുകയും ബഥനിയുടെ സ്വത്തിനും സ്ഥാപനങ്ങൾക്കും വേണ്ടി വ്യവഹാരങ്ങൾ നടത്തുകയും ചെയ്തപ്പോൾ, അചഞ്ചലമായി ഓർത്തഡോക്സ് വിശ്വാസത്തോടും മലങ്കര സഭാ

ശേഷം 2-ാം പേജിൽ



ശാസ്താംകോട്ടയിൽ നടന്ന വൈദിക സമ്മേളനം പ. ബാവാ തിരുമേനി ഉദ്ഘാടനം ചെയ്തപ്പോൾ



അഭി. തെവോദോസ്യോസ് തിരുമേനിയെ മലങ്കരയുടെ ധർമ്മയോഗിയായി പ്രഖ്യാപിക്കുന്നു.

## അതിരുകളില്ലാത്ത മനുഷ്യസ്നേഹി



ക്രിസോസ്റ്റം തിരുമേനി

ഞാൻ ആദ്യമായി മാർ തേവോദോസിയോസ് തിരുമേനിയെ കാണുന്നത് അദ്ദേഹം ഒരു വൈദികനായി രിക്കുമ്പോഴാണ്. എന്റെ U. C കോളേജിലെ വിദ്യാഭ്യാസകാലത്ത് കോളേജിൽ പഠിക്കുന്ന ഓർത്തഡോക്സ് വിദ്യാർത്ഥികൾക്കായി ധ്യാനമെടുക്കുവാനും, കുമ്പസാരിപ്പിക്കുവാനുമായി ഫാ. അലക്സിയോസും അവിടെ വരുമായിരുന്നു. എന്നാൽ അദ്ദേഹം ക്ലാസ്സുകൾ എടുത്തിരുന്നത് ഓർത്തഡോക്സുകാർക്കു വേണ്ടി മാത്രമായിരുന്നില്ല. മറ്റു സമുദായക്കാർക്കും അവിടേയ്ക്കു സ്വാഗതം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ക്ലാസ്സുകൾ കേട്ടാൽ ദൈവത്തെ കാണുന്ന ഒരു പ്രതീതിയും ചിന്തയുമാകും. അദ്ദേഹവുമായി സംസാരിക്കുമ്പോൾ ഒരു ദൈവികപിതാവിനെയല്ല, ഒരു ദൈവികസ്നേഹിതനെയാണ് ദർശിക്കാൻ കഴിയാറ്. ലാളിത്യം, വിനയം എന്നീ ഭാവങ്ങളില്ലാത്ത ഒരു വിഭാഗമാണ് കോളജ് വിദ്യാർത്ഥികൾ. എന്നാൽ തിരുമേനി സംസാരിക്കുമ്പോൾ തിരുമേനിയെക്കാൾ ഉയർന്ന വ്യക്തികളാണ് തന്റെ മുന്നിലിരിക്കുന്ന കുട്ടികൾ എന്ന എന്ന ഭാവമായിരുന്നു അദ്ദേഹത്തിൽ സ്ഫുരിക്കാറുള്ളത്. അങ്ങനെ ഞങ്ങളെ ബഹുമാനിപ്പിക്കുവാൻ പഠിപ്പിച്ച ഒരു വ്യക്തിയായിരുന്നു മാർ തേവോദോസിയോസ് തിരുമേനി. അതിനാൽ അദ്ദേഹത്തിന്റെ ക്ലാസ്സിൽ പങ്കെടുക്കുന്ന ഞങ്ങളാരും നശിച്ചുപോകാൻ ഇടയായില്ല.

പിന്നീട് ഞാൻ അദ്ദേഹത്തെ കാണുന്നത് ഞാൻ മെത്രാനായശേഷം ബഥനി ആശ്രമത്തിനടുത്തുള്ള ഒരു പള്ളിയിൽ ഒരു പരിപാടിക്കു പോയപ്പോഴാണ്. അന്ന് അതിനടുത്തുള്ള ഒരു എസ്റ്റേറ്റ് ബംഗ്ലാവിലാണ് താമസമൊരുക്കിയിരുന്നത്. ഞാൻ അവിടെ വന്നിട്ടുണ്ടെന്നു കേട്ട തേവോദോസിയോസ് തിരുമേനി ആളയച്ച് എന്നെ തിരുമേനിയുടെ താമസസ്ഥലത്തേയ്ക്ക് ക്ഷണിക്കുകയും അവിടെ താമസിപ്പിക്കുകയും ചെയ്തു. തികഞ്ഞ സഭാസ്നേഹിയാണെങ്കിലും ഒരു സഭയെയും പഴിക്കുന്ന സ്വഭാവം അദ്ദേഹത്തിനില്ലായിരുന്നു. വ്യത്യസ്ത സഭാവിഭാഗങ്ങളെയും ആളുകളെയും സ്വീകരിപ്പാനും ബഹുമാനിപ്പാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

അദ്ദേഹം ക്ലാസ്സുകൾ എടുക്കുമ്പോൾ താൻ പണ്ഡിതനാണെന്ന് സമർത്ഥിക്കുന്ന രീതിയിൽ ക്ലാസ്സുകൾ എടുക്കാറില്ല. ലളിതമായ ശൈലിയിൽ ദൈവത്തെ നമ്മിലേയ്ക്കു പ്രവേശിപ്പിക്കുന്ന ഒരു സ്നേഹിതനായിട്ടാണ് ഞങ്ങൾക്ക് തോന്നിയിരുന്നത്. അദ്ദേഹം ഒരു നല്ല വേദപണ്ഡിതനും വായനയും അറിവും ഉള്ള വ്യക്തിയായിരുന്നു, ഓർത്തഡോക്സ് സഭയുടെ ഒരു വിലതീരാത്ത സമ്പാദ്യവുമായിരുന്നു. ദൈവത്തെ കാൽ തിരിച്ചറിയുന്നവനാണ് ദൈവീകമനുഷ്യൻ മനുഷ്യനിലെ ദൈവത്തെ കാണുവാൻ കഴിഞ്ഞിരുന്ന വ്യക്തിയായിരുന്നു മാർ തേവോദോസിയോസ്.

Inter church relationനിൽ നേതൃത്വം നല്കിയിരുന്ന പിതാവായിരുന്നു മാർ തെവോദോസിയോസ്, അദ്ദേഹം ഒരു ഉറച്ച ഓർത്തഡോക്സുകാരനായിരുന്നു. എങ്കിലും മറ്റുള്ള സഭകളെ ഒരിക്കലും പുച്ഛിച്ചിട്ടില്ല. എന്നാൽ അവയുടെ പൂർണ്ണതയെ ഒരിക്കലും സ്വീകരിച്ചിട്ടുമില്ല. വിശ്വാസകാര്യത്തിൽ അദ്ദേഹം തന്റെ സഭയുടെ വിശ്വാസത്തോട് പൂർണ്ണമായ വിശ്വസ്തത പുലർത്തി. 1948ൽ WCC (അഖില ലോക സഭാ കൗൺസിൽ) യുടെ പ്രഥമ സമ്മേളനത്തിൽ എന്റെ മുൻഗാമിയായ അന്നത്തെ മാർതോമ്മാ മെത്രാപ്പോലീത്തയും മാർ തേവോദോസിയോസും പങ്കെടുക്കുകയും WCC യുടെ സ്ഥാപകാംഗങ്ങളായി ചരിത്രത്തിൽ ഇടം തേടുകയും ചെയ്തു.

എനിക്ക് ഇപ്പോൾ ഒരു സന്തോഷമുള്ളത് ഞാൻ ദൈവസന്നിധിയിൽ ചെല്ലുമ്പോൾ ക്രിസ്റ്റോസ്റ്റം തിരുമേനിയെ സ്വർഗ്ഗത്തിൽ സ്വീകരിക്കണമൊ വേണ്ടയോ എന്ന് ദൈവം ആലോചിക്കുമ്പോൾ മാർ തേവോദോസിയോസ് തിരുമേനിയോട് ദൈവം തമ്പുരാൻ ചോദിക്കുകയും തേവോദോസിയോസ് തിരുമേനിയുടെ ശുപാർശയിൽ ദൈവം എന്നെ സ്വീകരിക്കും എന്ന ഒരു ഉറച്ച വിശ്വാസവും എനിക്കുണ്ട്.

MADATHILETHU
ENGINEERING
VAIKOM-RANNI.
Building Roofing Works,
Gate, Grill etc.
Ph: 04735-229438 (O)
04735-245661 (R), Mob: 9447359085

മാതാവിനോടും പൂർണ്ണവിശ്വസ്തത പുലർത്തി ബഥനി സന്ന്യാസ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത വ്യക്തിയാണ് തിരുമേനി. എക്യുമെനിക്കൽ പ്രസ്ഥാനത്തിന് മാത്രമല്ല മലങ്കരസഭയുടെ സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി നിലകൊണ്ട തിരുമേനിയുടെ സന്ന്യാസദർശനത്തിന്റെ അടിസ്ഥാനത്തിൽ ചില ചെറിയ കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

ചെറുപ്പം മുതൽ ഈ ലേഖകന് പരിചയമുള്ള പാമ്പാടി ദയറായും, ബഥനി ആശ്രമവും അവിടെ ആത്മീക ഊർജ്ജം പരത്തിയ തപോനിഷ്ഠരായ തിരുമേനിമാരും ഈ അവസരത്തിൽ മനസിലേയ്ക്ക് വരുന്നു. ഇതിൽ പാമ്പാടി തിരുമേനിയെ നേരിട്ടും ബഥനി തിരുമേനിയെകുറിച്ച് കേട്ടും എനിക്കറിയാം എക്യുമെനിക്കൽ രംഗങ്ങളിൽ മാർതെയോഫിലോസ് തിരുമേനിയുമായുള്ള സംസാരങ്ങളിൽ ബഥനി തിരുമേനിയെ കുറിച്ച് അറിയുവാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ട് ഇവിടെ സൂചിപ്പിക്കുന്ന കാര്യങ്ങൾ പ്രായോഗിക തലത്തിൽ മലങ്കരസഭയിലെ ദയറാകളും മറ്റും പരീക്ഷിച്ച് നോക്കണമെന്ന് എളിയ അപേക്ഷയുമുണ്ട്.

1. ഓർത്തഡോക്സ് സഭകളുടെ എല്ലാം ചരിത്രത്തിൽ വ്യക്തമായ ഒരു സംഗതിയുണ്ട്. അതായത് സമ്പന്നമായ ആരാധനക്രമങ്ങൾ, ആദ്ധ്യാത്മിക ജീവിതശൈലി, ദൈവശാസ്ത്രഗ്രന്ഥങ്ങൾ, ആരാധനാസംഗീതം തുടങ്ങി നാം ഇന്ന് അഭിമാനം കൊള്ളുന്ന എല്ലാ കാര്യങ്ങളും ഉരുതിരിഞ്ഞത് സന്ന്യാസാശ്രമങ്ങളിൽ നിന്നാണ്. അതിനുള്ള പ്രധാന കാരണം പൗരസ്ത്യ സന്ന്യാസിമാർ ലോകപ്രകാരമുള്ള വലിയ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സൃഷ്ടിക്കാൻ ശ്രമിക്കാതെ കൂടുതൽ സമയം പ്രാർത്ഥനയിലും, ധ്യാനത്തിലും, പഠനത്തിലും, ഗ്രന്ഥരചനയിലും, മറ്റും മുഴുകിയതാണ്. മാർ അപ്രേമിന്റെ കവിതകളാണെങ്കിലും വി.യോഹന്നാന്റെ പ്രൗഢമായ സെദ്റാകളാണെങ്കിലും, അതിമനോഹരമായ ആരാധനാ ക്രമങ്ങളാണെങ്കിലും, നിരന്തരമായ മൗനം, മനനം, എന്നിവയിൽ നിന്ന് ഉയിർകൊണ്ടതാണ്. ബഥനിയിൽ നിന്ന് ഒരു കാലത്ത് പ്രസിദ്ധീകരിച്ച ബഥനി തക്സയും, ആരാധനാക്രമങ്ങളും, ബഥനി മാസികയും, ധ്യാനപുസ്തകങ്ങളും ഇതിനു ചെറിയ ഉദാഹരണങ്ങളാണ്. ആശ്രമത്തിൽ അതിന്റെ പൂർവ്വകാലങ്ങളിലെ നേട്ടങ്ങൾ അതേ മഹത്വത്തിൽ സൃഷ്ടിക്കാൻ നമുക്ക് സാധിച്ചില്ലെങ്കിലും ഒരളവുവരെയെങ്കിലും അത് ഏറ്റെടുത്ത് സഭയ്ക്ക് ആദ്ധ്യാത്മിക മാർഗദർശനം നൽകുകയാണ് ആശ്രമങ്ങളുടെ പ്രധാനദൗത്യവും ലക്ഷ്യവും. ദയറാകൾക്ക് പുറത്ത്, ഇക്കാര്യങ്ങളിൽ സഹജമായി തന്നെ താല്പര്യമുള്ള യുവജനങ്ങൾ - സ്ത്രീകളും, പുരുഷന്മാരും നമുക്ക് കുറച്ചെങ്കിലും ഉണ്ട്. ലൗകീക സ്ഥാനങ്ങൾ ലക്ഷ്യമാക്കാതെ പഠനം, ഗവേഷണം, രചന, എന്നിവയ്ക്കുവേി സമർപ്പിതമായ ഏതാനും ജീവിതങ്ങളെങ്കിലും നമുക്കുണ്ടെങ്കിൽ സമ്പത്തിനെക്കാളും, വലിയ സ്ഥാപനങ്ങളേക്കാളും,സുപ്രധാനമായ സാക്ഷ്യം ഈ ലോകത്തിന് നൽകുവാൻ സഭയ്ക്കും സമൂഹത്തിനും കഴിയും.

2. "ദയറാ"എന്ന വാക്കാണ് മെത്രാപ്പോലീത്തമാരുടെ വസതികൾക്ക് നമ്മുടെ പാരമ്പര്യത്തിൽ ഉപയോഗിക്കുന്നത്. സന്ന്യാസിമാരും ആദ്ധ്യാത്മിക ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരും ഒരുമിച്ച് താമസിച്ച് പ്രാർത്ഥിക്കയും പ്രയത്നിക്കുകയും ചെയ്യുന്ന സമൂഹഭവനമാണ് ദയറ. ഇതിന് തത്തുല്യമായിട്ടാണ് ഇന്ത്യയിൽ നാം ആശ്രമം എന്ന പദം ഉപയോഗിക്കുന്നത് ഏതാണ്ട് തത്തുല്യമായിട്ടാണ്. മെത്രാന്മാരുടെ വസതികൾ ദയറാകളായിരുന്നു. നമ്മുടെ പാരമ്പര്യത്തിൽ ദയറായുടെ തലവനായി പലപ്പോഴും എപ്പിസ്കോപ്പ തന്നെയാണ് വന്നു കൊണ്ടിരുന്നത്. ഒരു ഭദ്രാസനത്തിന്റെ ഭരണമുണ്ടെങ്കിലും അദ്ദേഹം തന്റെ കൂടെ താമസിക്കുന്നവർക്ക് ഗുരുവായി അവരെ പഠിപ്പിക്കുകയും അവർക്ക് ആത്മീയ ജീവിതശൈലിയിൽ പരിശീലനം നൽകുകയും ചെയ്യും. ബഥനിയിൽ അഭി. തിരുമേനിയും ചെയ്തു കൊണ്ടിരുന്നത് ഇതാണ്. അപ്പോൾ അത് ഒരേസമയം ഗുരുകുലമാണ്, സമൂഹഭവനമാണ്, ആശ്രമമാണ്, ഭദ്രാസന മെത്രപ്പോലീത്തായുടെ ആസ്ഥാനവുമാണ്. ദയറ/ആശ്രമം എന്നല്ലാതെ അതിനെ അരമന എന്ന് നാം വിളിച്ചിരുന്നില്ല. ക്രിസ്തീയ സഭക്ക് പുറത്തുനിന്ന് വന്ന ലൗകീകധ്വനിയുള്ള ഈ വാക്ക് രാജാവിന്റെയോ പ്രഭുവിന്റെയോ ഔദ്യോഗിക ഭവനത്തെയാണ് സൂചിപ്പിക്കുന്നത്. അലക്സിയോസ് തിരുമേനിയും പാമ്പാടി തിരുമേനിയെപ്പോലെ മെത്രാനാണെങ്കിലും തന്റെ ആന്തരികവിളി സന്ന്യാസിയായി ജീവിക്കാനാണ് എന്ന് ബോധ്യമുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം തന്റെ ഭവനത്തിനൊ ജീവിതശൈലിക്കോ ഒരിക്കലും രാജകീയ പരിവേഷം നൽകിയില്ല. മാർ തേവോദോസിയോസ് തിരുമേനിയെ കുറിച്ച് കേട്ടിട്ടുള്ളത്, തിരുമേനിയുടെ സമ്പത്ത് 3 കൂട്ടം കാവികുപ്പായം, ഒരേ ഒരു കാപ്പാസെറ്റ്, ഒരു വേദപുസ്തകം,എന്നിവയാണ് അക്ഷരാർത്ഥത്തിൽ ദാരിദ്ര്യം, എളിമ, പാവങ്ങളോടും അഗതികളോടും കാണിക്കുന്ന ആർദ്രമായ ആതിഥ്യമര്യാദ, ദൈവത്തിന്റെ സകലസൃഷ്ടിയോടുമുള്ള ആഴമായ അനുകമ്പ, ഇതൊക്കെയാണ് പാമ്പാടി ദയറായിലും ബഥനി ആശ്രമത്തിലും ചെന്ന പലരും അനുഭവിച്ചിരുന്നത്.

മലങ്കര സഭയിൽ പുരാതന കാലം മുതൽ മുൻ പറഞ്ഞരീതിയിൽ മെത്രാന്മാരുടെ കൂടെ ദയറായിൽ താമസിച്ച് പരിശീലനം നേടുന്ന ഒരു സന്ന്യാസ ശൈലി ഉണ്ടായിരുന്നു എങ്കിലും പാശ്ചാത്യ സന്ന്യാസത്തിന്റെ മാതൃകയിൽ ഒരു ആബട്ടിന്റെ കീഴിൽ സന്ന്യാസിമാർ ഒരുമിച്ച് താമസിക്കുന്ന രീതി 20 നൂറ്റാണ്ടിൽ ബഥനി ആശ്രമസ്ഥാപനത്തിലൂടെയാണ് മലങ്കരസഭയിൽ ഉടലെടുത്തത്. യൂറോപ്പിൽ വളരെയേറെ വിജയം നേടിയ ഒന്നാണ് ഈ മാതൃക. 6-ാം നൂറ്റാണ്ടിൽ ബി. ബനഡിക്റ്റ് ആരംഭിച്ച സന്ന്യാസ പ്രസ്ഥാനം രണ്ട് ആദർശങ്ങളാണ് പ്രധാനമായി കരുതിയത്, ലത്തീൻ ഭാഷയിൽ Ora et labora (പ്രാർത്ഥനയും പ്രയത്നവും) ഈ ജീവിതശൈലി യൂറോപ്പിനെ മുഴുവൻ രൂപാന്തരപ്പെടുത്തി എന്നാണ് ചരിത്രം സാക്ഷിക്കുന്നത്. 13 നൂറ്റാണ്ടിൽ അസീസിയിലെ വി. ഫ്രാൻസിസ്, വി. ഡൊമിനിക് തുടങ്ങിയവർ ആരംഭിച്ച സന്ന്യാസമൂഹങ്ങളും 16-നൂറ്റാണ്ടിൽ പ്രബലമായി തീർന്ന ജെസ്വിട്ട് (Society of Jesus), കർമ്മലീത്ത, തുടങ്ങിയ നിരവധി സന്ന്യാസ സമൂഹങ്ങളുമാണ് ആധുനിക പാശ്ചാത്യ വേദശാസ്ത്രവും ആരാധനാക്രമങ്ങളും ആദ്ധ്യാത്മിക ജീവിതശൈലിയും രൂപപ്പെടുത്തിയത്.

ഇന്ത്യയിൽ അതിപുരാതനമായ ഋഷിപാരമ്പര്യം ആശ്രമം, പർണ്ണശാല, തുടങ്ങിയ സങ്കല്പങ്ങളുമായി ഇഴചേർത്താണ് മലങ്കരയിൽ ഈ ആശ്രമ പ്രസ്ഥാനം തുടങ്ങിയത് എന്ന് പറയാം. കാരണം ആശ്രമസ്ഥാപകരായ ഫാ പി.റ്റി. ഗീവർഗ്ഗീസിന്റെയും, ഡീ. അലക്സിയോസിന്റെയും കൽകത്തയിലെ ജീവിതകാലത്ത് ശാന്തിനികേതൻ, രാമകൃഷ്ണ മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായുള്ള അവരുടെ പരിചയവും ഇന്ത്യൻ സന്ന്യാസ രീതിയിൽ കാഷായ വസ്ത്രവും, മൺചട്ടിയും, സസ്യാഹാരം മാത്രം ഭക്ഷിച്ചുള്ള ജീവിതവും സ്വീകരിച്ചു. ഇത് മലങ്കര സഭയിൽ ഒരു പുതുമയും പ്രതീക്ഷയും ആയിരുന്നു.

ഏതായാലും മലങ്കരയിൽ ഇപ്പോൾ നിലവിലുള്ള ആശ്രമവ്യവസ്ഥ ഒരു പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കുകയും പൗരസ്ത്യ പാരമ്പര്യത്തിലുള്ള ദയറാ എന്ന സമൂഹഭവനം വിശാലമായ അർത്ഥത്തിൽ പുനരുദ്ധരിക്കാൻ ഒരു ശ്രമം നടത്തുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

ഒന്നു രണ്ടു പ്രായോഗിക നിർദ്ദേശങ്ങൾ ഉദാഹരണമായി പറയട്ടെ.

- സ്ത്രീകളുടെയും, പുരുഷന്മാരുടെതുമായ പ്രമുഖ ദയറാകൾ സഭക്ക് ആദ്ധ്യാത്മീക സമൂഹ ഭവനങ്ങളായിത്തീരണം. ആത്മിക പക്വതയും അറിവുമുള്ള സന്ന്യാസി- സന്ന്യാസിനിമാരുടെ

→ → →



ഫാ. ഐവാൻ ജോസഫ് ഗീവർഗീസ്
(ജനറൽ കൺവീനർ)



ഫാ. സ്കറിയാ OIC
(പദയാത്രാ കൺവീനർ)



ഫാ. എബി വർഗീസ്
(പബ്ലിസിറ്റി കൺവീനർ)



മാർ തേവോദോസ്യോസ് എക്സലൻസി അവാർഡ് സമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

നേതൃത്വത്തിൽ സഭാംഗങ്ങളായ വിദ്യാർത്ഥികൾ, യുവജനങ്ങൾ, ഉദ്യോഗസ്ഥരായ സ്ത്രീപുരുഷന്മാർ, മാതാപിതാക്കൾ, ഔദ്യോഗിക ജോലികളിൽ നിന്ന് വിരമിച്ചവർ തുടങ്ങി നമ്മുടെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ ജീവിക്കുന്നവർക്ക് ധ്യാനങ്ങൾ, പഠനക്ലാസ്സുകൾ, ശാന്തമായ കുറെ ദിവസങ്ങൾ താമസിക്കുവാനുള്ള അവസരങ്ങൾ എന്നിവ സൃഷ്ടിച്ചു കൊടുത്താൽ ധാരാളം ജനങ്ങൾ ഉത്സാഹത്തോട് കൂടി അതിനോട് പ്രതികരിക്കും. കാരണം ആത്മീക മാർഗനിർദ്ദേശം ലഭിക്കണമെന്ന് ആഗ്രഹമുള്ളവർ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട് - സംഘടിതമായ ഇടവകകളിൽ വൈദീകർക്ക് പലപ്പോഴും അതിനുള്ള സമയമോ ആഭിമുഖ്യമോ പരിശീലനമോ കാണുകയില്ല. ഉദാഹരണമായി ഇപ്പോൾ കൗൺസിലിംഗ് എന്ന പേരിൽ പല സ്ഥലങ്ങളിലും നടത്തുന്ന സംഗതികൾ വാസ്തവത്തിൽ നമ്മുടെ പുരാതന ദയറാകളിൽ നടന്നുവന്നിരുന്ന ഒന്നാണ്. പുറത്തെ ലോകത്തിൽ അധികം അറിയപ്പെടാതെ പ്രാർത്ഥനയിലും എളിമയിലും കഴിയുന്ന സന്ന്യാസിമാരെ കണ്ട് ഉപദേശം സ്വീകരിക്കുകയും ഏതാനും ദിവസങ്ങൾ ആശ്രമത്തിലെ പ്രാർത്ഥനയിലും ലളിതമായ ജീവിതശൈലിയിലും പങ്കെടുക്കുകയും ചെയ്യുന്നതായിരുന്നു കൗൺസിലിംഗ്. (പണ്ട് ബഥനി ആശ്രമത്തിൽ പോയി മാർ തേവോദോസിയോസ് തിരുമേനിയുടെ കഷ്ടാനുഭവ ശുശ്രൂഷയിലും, ധ്യാനത്തിലും, കുമ്പസാരത്തിലും പങ്കെടുക്കാൻ കേന്ദ്രമന്ത്രി സി എം സ്റ്റീഫൻ, പി.സി അലക്സാണ്ടർ തുടങ്ങി സമൂഹത്തിലെ നാനാതുറയിൽ പെട്ടവർ വന്നിരുന്നതായും ആത്മീയ ഉൾക്കാഴ്ച നേടിയിരുന്നതായും കേട്ടിട്ടുണ്ട്) ഇപ്പോൾ പലരും ചെയ്യുന്നതുപോലെയുള്ള മനോവിശകലനമോ, ദീർഘമായ സംഭാഷണങ്ങളോ ഇവിടെ പ്രധാനമല്ല. പ്രാർത്ഥിക്കുന്ന ഒരു സമൂഹത്തിന്റെ കൂടെ കുറെ ദിവസം ശാന്തമായി താമസിച്ചാൽ തന്നെ പലർക്കും അവരവരുടെ പ്രശ്നത്തെക്കുറിച്ച് സ്വയം ബോധ്യപ്പെടുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും കഴിയും. ഈ ലേഖകന്റെ ഓർമ്മയിൽ, പാമ്പാടി തിരുമേനിയെ കാണാൻ വരുന്ന ആരും തന്നെ സഭാ രാഷ്ട്രീയം ചർച്ച ചെയ്യുവാനോ. സ്ഥാനമാനങ്ങൾക്കുവേണ്ടി ശുപാർശ നേടാനോ, മെത്രാൻമാരെ പുകഴ്ത്തി പറയുന്ന സ്തുതിപാഠകൻമാരാകാനൊ ഒന്നുമല്ല വന്നുകൊണ്ടിരുന്നത്. പ്രാർത്ഥനയുടെ അന്തരീക്ഷമുള്ള ഒരു സ്ഥലത്ത് അനുകമ്പയുള്ള ഒരു വാക്ക് കേൾക്കാനും സാത്വികമായ ഒരു ദർശനം ലഭിക്കുവാനുമാണ് ആളുകൾ വരുന്നത്. നമ്മുടെ ആശ്രമവ്യവസ്ഥയുടെ പുനർവിചിന്തനത്തിൽ ഈ പഴയ മാതൃക പുനരാവിഷ്ക്കരിക്കാവുന്നതാണ്. ആരെയും എപ്പോഴും സ്വീകരിക്കുകയും എല്ലാവർക്കും സ്വന്തം ഭവനമായി തോന്നുകയും ചെയ്യുന്ന ഒരു തുറന്ന ഭവനം എന്ന സങ്കല്പം പലർക്കും അപ്രായോഗികമായി തോന്നുമെങ്കിലും അത് സാധ്യമാണ് എന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. സന്ന്യാസ പ്രസ്ഥാനത്തിന്റെ പ്രമുഖമായ ഒരു സാക്ഷ്യം ഇതാണ്. ബഥനി (ബൈത്തൊദ് ദ് അനിയോ) എന്ന പദത്തിന്റെ അർത്ഥം തന്നെ ഉത്തരം അരുളുന്ന ഭവനം എന്നാണല്ലൊ.

● മറ്റൊന്ന് ഇപ്പോൾ Coptic സഭയിലും പഴയ കാലത്ത് സുറിയാനിസഭയിലും നിലനിന്നിരുന്ന ഒരു രീതിയാണ്. അവധികാലങ്ങളിൽ സ്കൂളിൽ പഠിക്കുന്ന കുഞ്ഞുങ്ങളെ കുറെദിവസങ്ങളോ ആഴ്ചകളൊ ആശ്രമത്തിൽ ഒരു സന്ന്യാസിയുടെ ചുമതലയിൽ താമസിപ്പിച്ച് ഒരു സമ്മർ ക്യാമ്പ് നടത്തുക. അവർക്ക് പഠിക്കാനും കളിക്കാനും പ്രാർത്ഥിക്കാനും ഉള്ള അവസരങ്ങൾ നൽകണം, ആക്കുടെ ലഘുവായ പ്രബോധനങ്ങളും വേദപുസ്തക പരിചയവും ഒരുമിച്ച് പ്രവർത്തിക്കാനുള്ള പരിശീലനവും (team work) നൽകുക. ഇതെല്ലാം ഒരു ആദ്ധ്യാത്മിക ചട്ടക്കൂടിന് അകത്ത് ആകുമ്പോൾ കുട്ടികൾ ക്രമേണ അതിന്റെ അർത്ഥം തിരിച്ചറിയും അവർ ഏത് ജീവിതപാത പിന്നീട് തിരഞ്ഞെടുത്താലും അവർക്ക് ഒരു നല്ല ജീവിതദർശനം രൂപപ്പെടുത്താൻ കഴിയും. ഇത് നമ്മുടെ ആശ്രമങ്ങളിൽ ചെറിയ തോതിൽ പലയിടത്തും നടന്നുവന്നിരുന്നതാണ് എന്റെ ഓർമ്മ. ഈ ലേഖകൻ സെമിനാരിയിൽ പഠിക്കുന്ന കാലത്ത് അവധികാലങ്ങളിൽ ബഥനിയിൽ പോയി താമസിക്കുകയും ഇന്നത്തെ ഇടുക്കി ഭദ്രാസനാധിപൻ തേവോദോസിയോസ് തിരുമേനി (കുഞ്ഞ്), മരിച്ചുപോയ എടത്വക്കാരൻ ബെഞ്ചി, തുടങ്ങി നിരവധി കുട്ടികൾ അവിടെ താമസിക്കയ്യും ആരാധനയിലും മറ്റും പങ്കെടുക്കുകയ്യും ചെയ്തിരുന്നത് ഓർക്കുന്നു. ഇതിനെ പുനരുദ്ധരിച്ച് സഭയിൽ വ്യാപകമാക്കിയാൽ അത് സദ്ഫലങ്ങൾ സൃഷ്ടിക്കും. പ്രായോഗിക ബുദ്ധിയുള്ളവർ പെട്ടെന്ന് ചോദിക്കും. ഇതൊക്കെ നടത്താൻ ആളെവിടെ, ഇതിനെ പണമെവിടെ എന്നൊക്കെ അതുതന്നെയാണ് സന്ന്യാസത്തിന്റെ വെല്ലുവിളി. ദൈവരാജ്യത്തിന്റെ നീതിയും ശക്തിയും അന്വേഷിച്ചാൽ മറ്റുള്ളതൊക്കെ കൂടെ വന്നുകൊള്ളും എന്ന നമ്മുടെ കർത്താവിന്റെ വാക്കുകളാണ് ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം ഇതിനെ അവഗണിച്ച് ലാഭം ഉണ്ടാകാത്ത ഒന്നും ഞങ്ങൾ ചെയ്യുകയില്ല പെൻഷൻ കിട്ടുന്ന ജോലികളെ ഞങ്ങൾ ഏറ്റെടുക്കുകയുള്ളൂ എന്ന് ചിന്തിക്കുന്ന ലൗകീകരെ പോലെ ചിന്തിച്ചാൽ സന്ന്യാസവുമില്ല, ആശ്രമവുമില്ല. പൗലോസ് ശ്ലീഹ പറയുന്നതുപോലെ ഈ ലോകത്തിന് അനുരൂപമാകാതെ മനസുപുതുക്കി രൂപാന്തരപ്പെട്ട്, വലിയ പ്രതിസന്ധിയിലായിരിക്കുന്ന നമ്മുടെ ലോകത്തിന് ഒരു ബദൽ ജീവിതശൈലി - സൗഹൃദത്തിലും ത്യാഗബോധത്തിലും പങ്കുവെക്കലിലും അധിഷ്ഠിതമായ ഒരു ജീവിതക്രമം - ലോകത്തിന് നൽകാനുള്ള വിളിയാണ് സന്ന്യാസ പ്രസ്ഥാനം ഏറ്റെടുക്കേണ്ടത്.

സന്ന്യാസപ്രസ്ഥാനത്തിൽ രുമൂന്നു വ്യത്യസ്ഥതലങ്ങൾ അടയാളപ്പെടുത്തുന്നുണ്ട്.

❖ Ceonbites: ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ ആക്ഷരികമായി തന്നെ അനുസരിച്ച് (സമൂഹ) സന്ന്യാസ ഭവനത്തിൽ മറ്റുള്ളവരോടൊപ്പം താമസിക്കുന്ന സന്ന്യാസിമാർ ഇതാണ് പൊതുസന്ന്യാസശൈലി .

❖ Anchorites: ഇതേ സന്ന്യാസസമൂഹശിക്ഷണം ഉണ്ടെങ്കിലും എപ്പോഴും സമൂഹത്തിൽ താമസിക്കാതെ ഒറ്റക്ക് കുടിലുകെട്ടി പൂർണ്ണസമയം പ്രാർത്ഥന, ധ്യാനം, വേദവായന, തുടങ്ങിയവയ്ക്ക് സമയം ഉപയോഗിക്കുന്ന ഏകാന്തവാസികൾ. വേറിട്ടുപോകുന്നവർ എന്നർത്ഥത്തിൽ അവരെ Anchorites എന്ന് വിളിക്കാറുണ്ട്. ഇത് പൗരസ്ത്യ സന്ന്യാസത്തിൽ, ഈജിപ്ത്തിലെ മരുഭൂമിയിലും Mount Athos ഉള്ളരീതി കൂടിയാണ്.

❖ 3rd order: പാശ്ചാത്യരീതിയിൽ സന്ന്യാസത്തിന്റെ ആദ്ധ്യാത്മിക ദർശനം സ്വീകരിക്കുകയും അതേ സമയം ഗൃഹസ്ഥരായി ലോകവവ്യവഹാരങ്ങളിൽ ഏർപ്പെട്ട് കഴിയുകയും ചെയ്യുന്നവരെ മൂന്നാംക്രമക്കാർ (3rd order) എന്നു വിളിക്കുന്നു ഇവർക്ക് അശ്രമങ്ങൾ ആത്മീയ ഭവനങ്ങളാണ്. അവരുടെ ലൗകീക ഭവനങ്ങളും ആത്മീക ഭവനങ്ങളും തമ്മിലുള്ള നിരന്തര ബന്ധത്തിലൂടെ ഒരു ആത്മീക സംസ്കൃതി അവർ രൂപപ്പെടുത്തുന്നു. ഇത് നമുക്കും ഒരു അളവിൽ നിലവിലുണ്ട്. ഔപചാരികമായ ഒരു ഘടന അതിനില്ല എന്നേയുള്ളൂ. ഉദാഹരണമായി നമ്മുടെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന വിവാഹിതരായ പട്ടക്കാർക്കും ഏതാനും കുടുംബങ്ങൾക്കും ഇടയ്ക്കിടെ പോകാനും താമസിക്കാനും മാർഗനിർദ്ദേശം തേടാനും ഒരു ആശ്രമം ഉണ്ടെങ്കിൽ അത് വളരെയേറെ പ്രയോജനം ചെയ്യും. ഇപ്പോൾ കുടുംബജീവിതം നയിക്കുന്ന നമ്മുടെ വൈദീകർക്ക് പണ്ട് പാമ്പാടി ദയറായിലും ബഥനിയിലും മറ്റും ലഭിച്ചിരുന്നതുപോലെയുള്ള ഒരു ആത്മീയ ഭവനസങ്കലപ്മോ കൂട്ടായ്മയോ ലഭിക്കുന്നില്ല എന്നത് ദു:ഖകരമാണ്. ഒരുവിധത്തിൽ നമ്മുടെ ഇടയന്മാർ ആ്ത്മീകമായി അനാഥരാണ് എന്നു പറയുന്നത് ക്ഷമിക്കണം

❖ Spiritual Fathers/ Mothers (ആത്മീയ പിതാവ് / ആത്മീയ മാതാവ് )പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ പലയിടത്തും കിട്ടുള്ള ഒന്നാണ്, ഓരോ വ്യക്തിക്കും ഒരു ആത്മീക പിതാവ്, ആത്മീക മാതാവ് ഉണ്ടായിരിക്കുക എന്നുള്ളത് ഒരു വിശ്വാസിക്കോ പട്ടക്കാരനോ മെത്രനോ ഇടയ്ക്കിടെയ്ക്ക് കാണാനും ആത്മീക മാർഗനിർദ്ദേശം തേടാനും ഉറവിടമായി ഒരാൾ ഉണ്ടായിരിക്കണം. അത് പുറത്ത് മറ്റുള്ളവർ അറിയണമെന്നില്ല. നമുക്ക് ഒരാവശ്യം വരുമ്പോൾ ആ പിതാവിനെ അല്ലെങ്കിൽ മാതാവിനെ കണ്ട് ഉപദേശം തേടാൻ കഴിയും. പഴയരീതിയനുസരിച്ച് ഇങ്ങനെയുള്ള ആത്മീക മാതാപിതാക്കൾ മിക്കവാറും ആശ്രമങ്ങളിൽ നിന്നുള്ള പക്വമതികളായ ഏതെങ്കിലും ഒരു സന്ന്യാസിമാരായിരിക്കും റഷ്യൻ നോവലിസ്റ്റ് ഡേസ്റ്റോവിസ്കിയുടെ പ്രസിദ്ധമായ കാറെമസൊവ് സഹോദരന്മാർ (Brother Fyodor Mikhailovich dostoevsky karamazov) എന്ന നോവലിൽ റഷ്യൻ ഓർത്തഡോക്സ് സഭയിൽ നിലനിന്നിരുന്ന മനോഹരമായ ഉദാഹരണങ്ങൾ കാണാം. ഇന്ത്യയിൽ ഹൈന്ദവ പാരമ്പര്യത്തിൽ ഇങ്ങനെ ഉണ്ട്. കാരണം ഒരു ഗുരുവിനെ വണങ്ങാതെ ആരും ഇവിടെ ഒന്നും ചെയ്യുകയില്ല. ആ ഗുരു ജീവിച്ചിരിക്കുന്നതോ മരിച്ചുപോയതോ സാങ്കല്പികമോ ആയിരിക്കാം. പാശ്ചാത്യ പാരമ്പര്യത്തിൽ കുമ്പസാര പിതാവെന്നാണ് ഇത് വിശേഷിപ്പിക്കപ്പെടുന്നത്. മലങ്കരസഭയിൽ അവശ്യമായും പുനരുദ്ധരിപ്പിക്കപ്പെടേണ്ട ഒരു പാരമ്പര്യമാണിത്. എല്ലാവർക്കും ഒരു ഗുരു (ആത്മീയ പിതാവ്/മാതാവ്) ആവശ്യമാണ് അതില്ലാത്തതിനാൽ സഭയിൽ പല നേതാക്കളും (മെത്രാൻമാർ ഉൾപ്പെടെയുള്ളവർ) ആത്മീക മാർഗ്ഗനിർദ്ദേശം ലഭിക്കാതെ തൻകാര്യക്കാരും, അധികാരപ്രമത്തരുമായി മാറുന്ന ദുസ്ഥിതി ഉണ്ടാകാറുണ്ട്. ഇതും നമ്മുടെ സന്ന്യാസ വ്യവസ്ഥയിൽ നിന്ന് സഭാ പ്രതീക്ഷിക്കുന്ന ഒരു മഹൽ സംഭാവനയാണ്.

പരിസ്ഥിതിയുടെ പ്രതിസന്ധികൊണ്ടും consumerits ഉപഭോഗസംസ്ക്കാരത്തിന്റെ പ്രാഭവം കൊണ്ടും നമ്മുടെ ലോകം അതിവേഗം നാശത്തിലേയ്ക്ക് നീങ്ങുകയാണ് ഇതിന് മറുമരുന്ന്, ലാളിത്യത്തിലും സാഹോദര്യത്തിലും കൂട്ടായ പ്രയത്നത്തിലും പ്രാർത്ഥനയിലും ഊന്നിയ ഒരു ജീവിതശൈലി സൃഷ്ടിക്കുകയാണ്. ഇത് സഭയുടെ മുഴുവൻ ചുമതലയാണ്. അതിൽ തന്നെ സന്ന്യാസത്തിന്റെ സവിശേഷമായ വിളിയുമാണ്. ഇത്തരം പുതിയ പരീക്ഷണങ്ങൾക്കും മറുമരുന്നുകൾക്കും നാം തയ്യാറാകണം എന്നാണ് നമ്മുടെ ആത്മീയ ഗുരുക്കന്മാർ നമ്മെ ഉപദേശിക്കുന്നത്. ●




## പുസ്തകപരിചയം

● **ധർമ്മബോധി**

അഭി. തേവോദോസിയോസ് തിരുമേനിയുടെ ലേഖനങ്ങളും പ്രസംഗങ്ങളും അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണകളും ചേർത്ത് ബഥനി ആശ്രമാംഗം ഫാ ബെഞ്ചമിൻ ഒ ഐ സി ക്രോഡീകരിച്ച ധർമ്മബോധി പരി കാതോലിക്കാ ബാവാ തിരുമേനി പ്രകാശനം ചെയ്തു.

● **Bethany Asram** a brusque history...

A very short history of Bethany Asram in English for the Non-Malayalam speaking community, compiled by Fr. Benjamin OIC.

### Creative Crew

Fr.Mathai OIC (Superior), Fr. Ivan Joseph Gevarghese (General Convener), Fr. Skaria OIC (Padayathra convener), Fr.Aby Varghese (Publicity convener), Fr.Thomas Ramban OIC, Fr.Joseph Ramban OIC, Fr.Geevarghese OIC, Fr.Solomon OIC, Fr.Benjamin OIC , Fr.Pathrose OIC, Fr.Yohanan, Fr.Job, Fr.Pious, Dn.Jobin Varghese, Dn.Yakob, Dn.Abraham, Dn.Samuel, Br.Lukose



# ബഥനി തീർത്ഥാടനവാരം ഉദ്ഘാടനം ചെയ്തു

റാന്നി-പെരുനാട് ബഥനി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ കബറിങ്കലേക്കുള്ള തീർത്ഥാടനം കൊല്ലം ഭദ്രാസനാധിപൻ അഭി. സഖറിയ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. തീർത്ഥാകർ ദൈവാന്വേഷികളാകണം എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഇടുക്കി ഭദ്രാസനാധിപൻ അഭി. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കുറിച്ചി വലിയപള്ളിയിൽ നിന്നും ഫാ. വി.എം. ഏബ്രഹാം, ഫാ. ഷെറി ഇട്ടി എന്നിവരുടെ നേതൃത്വത്തിൽ വന്ന തീർത്ഥാടകരെ ആശ്രമ സുപ്പീരിയർ ഫാ. മത്തായി ഒ.ഐ.സി സ്വാഗതം ചെയ്തു. ബഥനി മഠം മദർ സുപ്പീരിയർ സിസ്റ്റർ ശ്മൂനി എസ്.ഐ.സി. നന്ദി അർപ്പിച്ചു. റവ.തോമസ് റമ്പാൻ ഒ.ഐ.സി., ഫാ. ബെഞ്ചമിൻ ഒ.ഐ.സി., ഫാ. യോഹന്നാൻ, ഫാ. ജോബ് എന്നിവർ സന്നിഹിതരായിരുന്നു.

# "മലങ്കരയുടെ ധർമ്മയോഗി" അഭി. അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനി

ഫാ. ബെഞ്ചമിൻ ഒ. ഐ. സി



ദൈവിക സ്നേഹത്തെ അജഗണത്തിന് നിർലോഭം ചൊരിഞ്ഞ് കൊടുത്ത വറ്റാത്ത സ്നേഹ ഉറവയായിരുന്നു ഭാഗ്യസ്മരണാർഹനായ ആബോ അലക്സിയോസ്. ജനഹൃദയങ്ങളിൽ ഇന്നും ഇദ്ദേഹത്തിന്റെ ഓർമ്മകൾ ഒളിമങ്ങാതെ നില്ക്കുന്നു. വിഘ്നങ്ങൾ ഒന്നും ലക്ഷ്യത്തിന് തടസ്സമാകാൻ സമ്മതിക്കില്ല എന്ന ദൃഢ നിശ്ചയത്തോടെ സന്യാസത്തിന്റെ മൂർത്തിഭാവം കൈക്കൊ് പാറപോലെ ഉറച്ചുനിന്ന ശക്തമായ നേതൃത്വ മായിരുന്നു അഭിവന്ദ്യ തിരുമേനി.

കാതോലിക്കേറ്റിന്റെയും ഓർത്തഡോക്സിയുടെയും കാവൽഭടനായ പുണ്യശ്ലോകനായ അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനി ധർമ്മിഷ്ഠനായ കർമ്മയോഗിയായിരുന്നു. ഈ പുണ്യപിതാവിന്റെ ചരമ സുവർണ്ണജൂബിലി ആഘോഷിച്ച 2015ൽ സഭ അദ്ദേഹത്തിന്റെ സേവനത്തെയും പ്രവർത്തനങ്ങളെയും ആദരിച്ച് "മലങ്കരയുടെ ധർമ്മയോഗി" എന്ന ബഹുമാന നാമം നൽകി ആദരിച്ചു.

"ഓർത്തഡോക്സി" എന്നാൽ പൂർവ്വാചാര നിരതത്വം എന്നാണ്. ഇതുതന്നെയാണ് ധർമ്മം എന്ന പദത്തിന്റെയും അർത്ഥം. സമൂഹം അംഗീകരിച്ചിട്ടുള്ള ആചാര്യമര്യാദകൾ, കീഴ്വഴക്കം മൂലമോ ആചാര്യന്മാരുടെ നിർദ്ദേശപ്രകാരമോ ശരിയെന്നു വിശ്വസിച്ച് പാലിക്കുക . ഇപ്രകാരം സഭയുടെ അപ്പോസ്തോലിക വിശ്വാസവും പാരമ്പര്യവും അണുവിട വ്യത്യാസം കൂടാതെ കാത്തു സൂക്ഷിക്കുകയും തന്റെ ബോധനത്തിലൂടെ ഉണർത്തുകയും പ്രബോധിപ്പിക്കുകയും ചെയ്ത, മലങ്കരയുടെ മാതൃകയുള്ള ധ്യാനനിരതനായ സന്യാസിയാണ് ആബോ അലക്സിയോസ്. യോഗാത്മകമായ ജീവിതം നയിച്ച അഭിവന്ദ്യ അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തയ്ക്ക് "മലങ്കരയുടെ ധർമ്മയോഗി" എന്ന നാമം സർവ്വദാ യോഗ്യമാണ്.

# ഓർമ്മച്ചെപ്പിൽ നിന്ന്...



തങ്കമ്മ മാത്യു

79 വയസ്സുള്ള ഒരു റിട്ടേഡ് അദ്ധ്യാപികയാണ് ഞാൻ. എന്നെ യഥാർത്ഥായ ഒരു ഓർത്തഡോക്സ് വനിതയാക്കാവുൻ ലഭിച്ച സാഹചര്യങ്ങൾ ഞാൻ ഒന്ന് അയവിറക്കുകയാണ്. എന്റെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയത് തിരുമൂലപുരം ബാലികാ മഠത്തിലാണ്. ബോർഡിങ്ങിൽ താമസിക്കുന്ന വിദ്യാർത്ഥിനികൾക്ക് വി. സഭയേയും, വി. കൂദാശകളേയും പ്രാർത്ഥനയുടെ മാഹാത്മ്യത്തേയും മറ്റും പഠിപ്പിക്കുവാൻ, ആിലൊരിക്കൽ പെരുനാട് ബഥനി മഠത്തിലെ ഈ രു സിസ്റ്റേഴ്സ് രാഴ്ചത്തേക്ക് വരിക പതിവായിരുന്നു. രാമത്തെ ശനിയാഴ്ച ഉച്ചയ്ക്കുശേഷം കുമ്പസാരവും, ഞായറാഴ്ച വി. കുർബ്ബാനാനുഭവവും എന്തു ചൈതന്യമാണ് ഞങ്ങൾക്കു നൽകിയിരുന്നത്. ആ ഞായറാഴ്ച ചാപ്പലിൽ വി. കുർബ്ബാന അർപ്പിക്കുന്നത് എല്ലാവർഷവും അഭിവന്ദ്യ തിരുമേനി, തലേദിവസമേ അവിടെ എഴുന്നുള്ളും. ഞങ്ങൾ തിരുമേനിയുടെ കൈമുത്തുവാനായി പോകും. ഞങ്ങളുടെ പേരും, സ്ഥലവും എല്ലാം തിരുമേനി സ്നേഹത്തോടെ അന്വേഷിക്കും. എന്റെ വീട് കനകപ്പലത്ത് ആണെന്നു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു "ഞാൻ വൈദീകനായിരുന്നപ്പോൾ അവിടെ ഒരു വീട്ടിൽ താമസിച്ചു - അത് റിച്ച് മൗിൽ പൊടികുഞ്ഞ് (റ്റി. വി. വർഗ്ഗീസ്) എന്ന് ആളിന്റെ വീട്ടിലായിരുന്നു എന്ന്". അപ്പോൾ ഞാൻ പറഞ്ഞു അത് എന്റെ പിതാവ് ആണെന്ന്. അപ്പോൾ അദ്ദേഹം ചിരിച്ചുകൊ് എന്നോടു പറഞ്ഞു : നിങ്ങളുടെ പറമ്പിൽ പെന്തിക്കോസ്തുകാർ താമസിക്കുന്നുായിരുന്നെന്നും, പൊടിക്കുഞ്ഞ് എന്നെകൊുപോയി അവർ മറ്റു ഭാഷ പരയുന്നത് കേൾപ്പിച്ചു എന്നും, അങ്ങനെ എപ്പോഴായാലും പിതൃതുല്യമായ സ്നേഹത്തോടുകൂടിയാണ് അദ്ദേഹം പെരുമാറിയിരുന്നത്.

എനിക്ക് അദ്ദേഹത്തോടുള്ള സ്നേഹബഹുമാനങ്ങൾ എത്രമാത്രമെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. നിരണത്തെ പുരാതനമായ മട്ടയ്ക്കൽ കുടുംബത്തിൽ ജാചനായ അദ്ദേഹത്തെ തിരുമേനി ആയതിനുശേഷമേ ഞാൻ കിട്ടുള്ളൂ. തികഞ്ഞ ഓർത്തഡോക്സ് വിശ്വാസിയായ അദ്ദേഹം അക്കാലത്ത് ബഥനി ആശ്രത്തിൽനിന്നുായ വൻ പ്രശ്നങ്ങളെ പ്രാർത്ഥനയിലും ഉപവാസത്തിലും വിശ്വാസത്തിലൂടെയും അതിജീവിച്ചു. പിൽക്കാലത്ത് ആശ്രമാധിപനായി പ്രവർത്തിച്ചത് തികച്ചും ദൈവകൃപയാലാണ്.

അദ്ദേഹം പണ്ഡിതനും, പ്രസിദ്ധനായ ധ്യാനഗുരുവും ആയിരുന്നു. എന്നെ വാസ്തവമായി ഓർത്തഡോക്സ് വിശ്വാസത്തിൽ അടിയുറപ്പിച്ചത് അദ്ദേഹത്തിന്റെ ധ്യാനക്ലാസ്സുകളായിരുന്നു. എനിക്ക് കേവലം പതിനാലു വയസ്സുള്ളപ്പോൾ അദ്ദേഹം എടുത്ത ധ്യാനക്ലാസ്സിലെ ചില വാക്യങ്ങൾ ഇന്നും എന്റെ ഹൃദയത്തിൽ തങ്ങിനിൽക്കുന്നു. "What is meant by retreat? Retreat is retering to God and it is a spiritual exercise."

എന്റെ ഈ വിശ്രമ വേളയിൽ ഞാൻ പലപ്പോഴും ഈ വാക്യം ഉരുവിടാറുണ്ട്. ദിവസം അല്പ സമയം ധ്യാനിക്കുവാൻ എനിക്കു ഇന്നും ഇത് പ്രചോദനം നൽകുന്നു. ബാല്യത്തിൽ മാതാപിതാക്കളും, കൗമാര പ്രായത്തിൽ ആത്മീയഗുരുക്കന്മാരും നൽകുന്ന ഗുണദോഷങ്ങളും, ഉപദേശങ്ങളും പഠിപ്പിക്കലും ഒരു വ്യക്തിയുടെ വിശ്വാസത്തേയും തദ്വാര ഉത്തമമായ സഭാവിശ്വാസത്തേയും കരുപ്പിടിപ്പിക്കും എന്നുള്ളതിനു യാതൊരു സംശയവുമില്ല എന്നത് എന്റെ അനുഭവത്തിലൂടെ ഞാൻ പഠിച്ചു.

അഭിവന്ദ്യ തിരുമനസ്സ് പെരുനാട് ബഥനി ആശ്രമാധിപനായിരുന്നകാലത്തും, പിൽക്കാലത്ത് വന്ദ്യ യൂഹാനോൻ അച്ചനും, (അഭിവന്ദ്യ അത്താനാസ്യോസ് തിരുമേനി), വന്ദ്യ പൗലോസ് അച്ചനും (അഭിവന്ദ്യ പക്കോമിയോസ് തിരുമേനി) ആശ്രമാധിപർ ആയിരുന്ന കാലത്തും ആ പുണ്യസ്ഥലം സന്ദർശിക്കുവാൻ എനിക്കു സാധിച്ചിട്ടുന്നുള്ള വലിയ ദൈവാനുഗ്രഹമായി ഞാൻ കരുതുന്നു. മൂന്നു അഭിവന്ദ്യ തിരുമേനിമാരുചെ കബറുകളുള്ള ഈ ആശ്രമം തീർച്ചയായും പുണ്യാശ്രമം തന്നെയാണ്. അഭിവന്ദ്യ തിരുമേനിമാരുടെ പ്രാർത്ഥനയും, മദ്ധ്യസ്ഥതയും നമുക്കു എന്നും കാവലും കോട്ടയുമായിരിക്കും.







വ്യത്യസ്ത തുറകളിൽ മികച്ച സേവനം കാഴ്ച വയ്ക്കുന്നവർക്കുവേി ബഥനി സ്ഥാപകൻ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ നാമധേയത്തിൽ ബഥനി ആശ്രമം ക്രമീകരിച്ചിരിക്കുന്ന മാർ തേവോദോസിയോസ് എക്സലൻസി അവാർഡിനായി മതസൗഹാർദ രംഗത്ത് നിസ്തുല സേവനത്തിന് മോസ്റ്റ് റവ ഡോ ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായെ ഈ വർഷം തെരഞ്ഞെടുത്തിരിക്കുന്നു. മുൻ വർഷങ്ങളിൽ റവ. ഫാ ഡോ കെ എം ജോർജ്ജ് (എക്യുമെനിക്കൽ) വെരി. റവ കെ ഐ ഫിലിപ്പ് റമ്പാൻ (സാമൂഹിക സേവനം) ഡോ കെ എസ് രാധാകൃഷ്ണൻ (വിദ്യാഭ്യാസം) ഡോ വി പി ഗംഗാധരൻ (ആരോഗ്യം) ശ്രീമതി ഉമാ പ്രേമൻ (സാമൂഹിക വൈദ്യസേവനം) എന്നിവർ അർഹരായിട്ടുണ്ട്.

PREPARED WITH PASSION

THOMSON BAKERY

THELAKKAD BUILDING, KADAPRA JN. ˚91 469 261 16 60
ARIKUPURAM COMPLEX, PARUMALA, MANNAR JN. ˚91 0479 231 20 12
THRIVENI COMPLEX, STORE JN., MANNAR ˚91 8943 227 836
PAYNUMOOTTIL PLAZA, ALUMMOD JN, MANNAR ˚91 0479 231 20 28
OPP. ST THOMAS EVANGELIKEL CHURCH MANJADI, THIRUVALLA ˚91 8589 994 011
MARIYAM PLAZA, ADOOR ˚91 473 422 57 38
OPP. K.S.R.T.C, ADOOR ˚91 8589 994 010
AVS BUILDING OPP. MUNICIPAL STADIUM, THIRUVALLA ˚91 8589 994 013

JOLLY FOOD PRODUCTS
PANAKKIYIL, KADAPRA P.O, THIRUVALLA 689121, KERALA, INDIA
˚91 469 2747413

OPENING SHORTLY AT
PATHANAMTHITTA. (Opp:KSRTC)